പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2712 — 21-06-2012-ൽ മറുപടി നൽകേണ്ടത്.

## റവന്യൂ വകുപ്പിലെ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ. എസ്. ബിജിമോൾ**<br>**(എം.എൽ.എ)** | **ശ്രീ. അടൂർ പ്രകാശ്**<br>**ബഹു. റവന്യൂ കയർ വകുപ്പ് മന്ത്രി** |
| (എ) ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, ലാന്റ് ബോർഡ്, സർവ്വേ ഡയറക്ടറേറ്റ്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ തുടങ്ങിയ ഓഫീസുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക്, ക്ലാസ് IV എന്നീ തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നത് തിരുവനന്തപുരം ജില്ലയിലെ പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ നിന്നുമാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം നിയമനംമൂലം മറ്റ് ജില്ലകളിലെ പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ലഭിക്കേണ്ടവർക്ക് നിയമനം ലഭിക്കാത്തത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;<br><br>(സി) ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികളിലെ നിയമനം തിരുവനന്തപുരം ജില്ലയിലെ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നുമാത്രം നിയമിക്കുന്നതിനുവേണ്ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയത് ഏത് കാലയളവ് മുതൽ ആണെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും ലാന്റ് റവന്യൂ കമ്മീഷണറേറ്റ് നിലവിൽ വരുന്നതിനു മുമ്പ് ബോർഡ് ഓഫ് റവന്യൂവാണ് നിലവിലുണ്ടായിരുന്നത്. 1964-ലെ സർക്കാർ ഉത്തരവ് പ്രകാരം ബോർഡ് ഓഫ് റവന്യൂവിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ എന്ന നിലയ്ക്കല്ല നിയമനം നടത്തിയിരുന്നത്. മറിച്ച് എല്ലാ ജില്ലകൾക്കും പ്രാതിനിധ്യം നൽകി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് അനുസൃതമായി ജില്ലാ യൂണിറ്റിൽ നിന്നും ഡ്രാഫ്റ്റ് ചെയ്ത് നിയമിക്കുകയായിരുന്നു. 1998-ൽ ബോർഡ് ഓഫ് റവന്യൂ നിർത്തലാക്കി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് നിലവിൽ വന്നതിനുശേഷം അവിടുത്തെ എൻട്രി കേഡറിലെ ഒഴിവുകൾ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയായി കണക്കാക്കി റിപ്പോർട്ട് ചെയ്തിരുന്നില്ല. ജില്ലാതല ഒഴിവെന്നനിലയിൽ കണക്കാക്കി തിരുവനന്തപുരം ജില്ലാ പി.എസ്.സി ഓഫീസിലേക്കാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നത്<br><br>ലാന്റ് ബോർഡ്, സെൻട്രൽ സ്റ്റാംപ് ഡിപ്പോ എന്നിവ ഹെഡ്ക്വാർട്ടറുകൾ അല്ല. ലാന്റ് ബോർഡിലെ നിയമനങ്ങൾ കെ.എൽ;ആർ ടെനൻസി റൂൾസിന്റെ പരിധിയിൽ വരുന്നതാണ്.<br><br>ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വേ ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ എൽ.ഡി.സി, ക്ലാസ് 4 തസ്തികകൾ ഹെഡ്ക്വാർട്ടർ ഒഴിവുകളായി കണക്കാക്കി പി.എസ്.സി ആസ്ഥാന ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ